29228

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഭാരതദർശൻ പര്യടന പരിപാടി - പഠനയാത്രാപര്യടന പരിപാടിയായി സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ. (സാധാ) നം. 1193/10/പജപവവിവ. | തിരുവനന്തപുരം, തീയതി 29/11/2010.

---

പരാമർശം:- 1. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04/09/2010-ലെ ഡി6-19657/10 നം. കത്ത്.

## ഉത്തരവ്

പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിലെ സാംസ്കാരികമായും പൈതൃകപരമായും പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും അതോടൊപ്പം വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾ നേരിട്ടു മനസിലാക്കുന്നതിനുമായി ഹയർസെക്കന്ററി, ഡിഗ്രി, പി.ജി എന്നീ കോഴ്സുകളിലെ ഒന്നാം വർഷ വിദ്യാർത്ഥികളിൽനിന്നും അവസാന വർഷ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 30 ശതമാനം ആൺകുട്ടികളെയും പെൺകുട്ടികളെയും തെരഞ്ഞെടുത്ത് പട്ടികജാതി വികസനവകുപ്പ് ഭാരതദർശൻ എന്ന പേരിൽ എല്ലാ വർഷവും പഠനയാത്ര സംഘടിപ്പിച്ച് വരുന്നു. എന്നാൽ ടി പരിപാടി വിലയിരുത്തുന്നതിൽ പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ ഓരോ വർഷവും 60 വിദ്യാർത്ഥികൾക്കു മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നുള്ളൂവെന്നും ടി പരിപാടി പട്ടികജാതി വികസന വകുപ്പിൽ മാത്രം ഒതുങ്ങി വകുപ്പിന്റെ മാത്രം പരിപാടിയായി സംഘടിപ്പിക്കപ്പെടുന്നതിനാലും ഈ വർഷം മുതൽ ഭാരതദർശൻ പര്യടന പരിപാടി പഠനയാത്രാപര്യടന പരിപാടിയായി സംഘടിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും ആയതിലേയ്ക്ക് ചെലവാകുന്ന തുകയുടെ വിവരം സ്ഥാപന മേധാവികളിൽനിന്നും ലഭ്യമാക്കി ശുപാർശയുടെ അടിസ്ഥാനത്തിൽ തുക റീ ഇംബേഴ്സ് ചെയ്യാവുന്നതാണെന്നും പരാമർശം ഒന്നുപ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഭാരതദർശൻ പരിപാടിയുടെ ഗുണഫലം എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നതിലേയ്ക്കായി, നടപ്പു സാമ്പത്തികവർഷം മുതൽ പഠനയാത്രാപര്യടന പരിപാടിയായി സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഠനയാത്രാപര്യടന പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഹയർസെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ, ഡിപ്ലോമാ കോഴ്സുകൾ എന്നിവയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പഠനയാത്രാ പര്യടനപരിപാടിക്ക് പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുള്ള യഥാർത്ഥ

ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തുന്നത് പ്രകാരം പരിശോധി... ...1-277-85- ദൃശ്യ ശ്രാവ്യ വിദ്യാഭ്യാസവും ഭാരതദർശനവും (പദ്ധതിയിനം)" എന്ന ശീർഷകത്തിൽ ...ം അനുവദിയ്ക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

പോൾ ആന്റണി
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക വകുപ്പ്,
[illegible] ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
വെബ്സൈറ്റിലേയ്ക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മന്ത്രിയുടെ പി.എസ്സി ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്